## പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.81 — 27.04.2017 ന് മറുപടിയ്ക്ക്.

## കാട്ടുതീ മൂലമുള്ള വനനശീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീ.കെ.രാജൻ<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |

(എ) സംസ്ഥാനത്ത് കാട്ടുതീ മൂലം കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര വനമേഖലകത്തിനശിച്ചുവെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(എ) 01.04.2016 മുതൽ 31.03.2017 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് 3180.18 ഹെക്ടർ വനമേഖലയിൽ കാട്ടുതീ ബാധിച്ചിട്ടുണ്ട്. ഓരോ സർക്കിളിലും ബാധിച്ച കാട്ടുതീയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സർക്കിൾ | വിസ്തൃതി (ഹെക്ടർ) |
|---|---|---|
| 1 | സതേൺ സർക്കിൾ, കൊല്ലം | 429.96 |
| 2. | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 704.48 |
| 3. | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 593.20 |
| 4. | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 528.25 |
| 5. | നോർത്തേൺ സർക്കിൾ, കണ്ണൂർ | 282.02 |
| 6. | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | 30.31 |
| 7. | ഫീൽഡ് ഡയറക്ടർ (പ്രൊജക്ട് ടൈഗർ), കോട്ടയം | 423.72 |
| 8. | വൈൽഡ് ലൈഫ്, പാലക്കാട് | 188.24 |
| | ആകെ | 3180.18 |

(ബി) ജനവാസകേന്ദ്രങ്ങൾക്ക് സമീപമുള്ള വനമേഖലയിലാണ് കാട്ടുതീ ഉണ്ടാകുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മനുഷ്യരുടെ പ്രവൃത്തികൾ ഇതിന് എത്രത്തോളം കാരണമാകുന്നുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ജനവാസകേന്ദ്രങ്ങൾക്ക് സമീപമുള്ള വനമേഖലയിലും മറ്റു വനമേഖലകളിലും കാട്ടുതീ ഉണ്ടാകാറുണ്ട്. മനുഷ്യരുടെ പ്രവൃത്തികൾ കാട്ടുതീ ഉണ്ടാകുന്നതിന് ഒരു പ്രധാന കാരണമായി തീരാറുണ്ട്. തീയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അശ്രദ്ധയോടുകൂടി മനുഷ്യർ കൈകാര്യം ചെയ്യുന്നത് കാട്ടുതീ ഉണ്ടാകുന്നതിന് ഒരു പ്രധാന കാരണമാകുന്നു.

(സി) അടിക്കാട് കത്തിനശിക്കുമ്പോൾ മണ്ണിന്റെ ജലസംഭരണശേഷി നഷ്ടപ്പെടുമെന്നും കാട്ടുതീ കാരണം ജലദൗർലഭ്യം രൂക്ഷമാകുമെന്നും ജനങ്ങളെ ബോധവത്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

(സി) വനമേഖലയിൽ കാട്ടുതീ ബാധിയ്ക്കുന്നതിലൂടെ ഉണ്ടാകുന്ന വിപത്തുകളായ ജൈവ വൈവിധ്യ ശോഷണം, മണ്ണിന്റെ ഘടനയിലുണ്ടാകുന്ന മാറ്റങ്ങൾ, ജലസംഭരണശേഷി നഷ്ടപ്പെടൽ, ജലദൗർലഭ്യം രൂക്ഷമാകൽ തുടങ്ങിയവയെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിന് വിവിധ വന ഡിവിഷനുകളിലായി 400-റോളം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുമുണ്ട്.

കൂടാതെ വാഹനങ്ങളിലെ യാത്രക്കാർക്കും പൊതുജനങ്ങൾക്കും കാട്ടുതീ പ്രതിരോധത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി ലഘുലേഖകൾ വിതരണം ചെയ്യുന്നു.

കാട്ടുതീ സാധ്യതയേറിയ വനമേഖലകൾ കേന്ദ്രീകരിച്ച് റാലികളും തെരുവ് നാടകങ്ങളും, പരിസ്ഥിതി മാജിക്കും ഉൾപ്പെടെയുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

പ്രാദേശിക ടെലിവിഷൻ ചാനലിലൂടെയും സിനിമ തീയറ്ററുകളിലും കാട്ടുതീ പ്രതിരോധ സന്ദേശം പ്രചരിപ്പിക്കുന്നതിലേയ്ക്കുള്ള ഹ്രസ്വചിത്രം ഉൾപ്പെടെയുള്ള ബോധവൽക്കരണപരിപാടികൾ വനം വകുപ്പ് നടത്തിവരുന്നു.

V Beena

സെക്ഷൻ ഓഫീസർ